# കൂദാശകളും അവയുടെ വേദാടിസ്ഥാനവും

സഭാ ജീവിതത്തിൽ ദൃശ്യമായ കർമ്മങ്ങൾ എന്തിനുവേണ്ടിയാണ് ? കൂദാശകൾ അപ്രത്യക്ഷങ്ങളായ ദൈവീക കൃപകൾ പ്രാപിക്കുന്നതിനുള്ള പ്രത്യക്ഷ മാർഗ്ഗങ്ങളാണെന്ന് പാശ്ചാത്യ സഭാ പാരമ്പര്യത്തിൽ നിർവ്വചിക്കുന്നു.

സഭയുടെ രഹസ്യങ്ങൾ എന്നാണ് ഓർത്തഡോക്സ് സഭ കൂദാശകളെ നിർവചിക്കുന്നത്. ദൈവീക കൃപ പ്രാപിക്കാനുള്ള ശുദ്ധീകരണ കർമ്മങ്ങളാണ് കൂദാശകൾ. മാമോദീസ, മൂറോൻ, കുർബാന, കുമ്പസാരം, പൗരോഹിത്യം, വിവാഹം, രോഗികളുടെ തൈലാഭിഷേകം ഇവയാണ് സഭയുടെ ഏഴു പ്രധാന കൂദാശകൾ. ദൃശ്യ വസ്തുക്കൾ ഉപയോഗിച്ച് ദൃശ്യ കർമ്മങ്ങൾ അനുഷ്ഠിക്കാൻ യേശുക്രിസ്തു ആഹ്വാനം ചെയ്തു. ഉദ: മാമോദീസായ്ക്ക് ജലം, കുർബാനയ്ക്ക് അപ്പവും വീഞ്ഞും, രോഗികളുടെ അഭിഷേകത്തിന് തൈലം മുതലായവ. സഭയിൽ കൂടിയും, സഭയുടെ കൂദാശകളിൽ കൂടിയും ഈ ക്രമീകരണങ്ങൾ നിർവ്വഹിക്കപ്പെട്ടിരിക്കുന്നു.

1. വിശുദ്ധ മാമോദീസായിൽ കൂടി നാം വീണ്ടുംജനനം പ്രാപിക്കുകയും, പാപമോചനം പ്രാപിക്കുകയും, പരിശുദ്ധാത്മാവിനെ പ്രാപിക്കുകയും ചെയ്യുന്നു. അ:പ്ര: 2:38-. പത്രോസ് അവരോട് നിങ്ങൾ മാനസാന്തരപ്പെട്ട് നിങ്ങളുടെ പാപങ്ങളുടെ മോചനത്തിനായി ഓരോരുത്തർ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏൽപിൻ. എന്നാൽ പരിശുദ്ധാത്മാവ് എന്ന ദാനം ലഭിക്കും. വി. യോഹന്നാന്റെ സുവിശേഷത്തിൽ ഇപ്രകാരം കാണുന്നു. അതിന് യേശു, ആമേൻ, ആമേൻ ഞാൻ നിന്നോട് പറയുന്നു. വെള്ളത്താലും, ആത്മാവിനാലും ജനിച്ചില്ല എങ്കിൽ ദൈവരാജ്യത്തിൽ കടപ്പാൻ ആർക്കും കഴികയില്ല.
2. പരിശുദ്ധാത്മാവിന്റെ പൂർണ്ണതയ്ക്കുവേണ്ടി വിശുദ്ധ മൂറോൻ അഭിഷേകം നാം പ്രാപിക്കുന്നു. കൈവെയ്പ്പ് ശുശ്രൂഷയുടെ സ്ഥാനമാണ് ഇതിനുള്ളത്. നെറ്റിയിൽ മുദ്രയിട്ട് ക്രിസ്തുവിനെ അണിയുന്നു. മൂറോൻ അഭിഷേകത്തിലൂടെ പരിശുദ്ധാത്മാവ് ലഭിക്കുന്നു. പത്രോസും, യോഹന്നാനും ശമരിയാക്കാരുടെ മേൽ കൈവച്ചപ്പോൾ അവർക്ക് പരിശുദ്ധാത്മാവ് ലഭിച്ചതായി അ:പ്ര: 8-17 ൽ കാണുന്നു.
3. യേശുക്രിസ്തുവിനെ നമ്മുടെ ഹൃദയങ്ങളിൽ സ്വീകരിക്കുവാൻ വേണ്ടി നാം വിശുദ്ധ കുർബാന അനുഭവിക്കുന്നു. വി. യോഹന്നാന്റെ സുവിശേഷം 6-ാം അദ്ധ്യായം 56-ാം വാക്യത്തിൽ എന്റെ മാംസം തിന്നുകയും, എന്റെ രക്തം കുടിക്കുകയും ചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു. എന്ന് നാം വായിക്കുന്നു.
4. പാപക്ഷമ ലഭിക്കാൻ നാം വിശുദ്ധ കുമ്പസാരം നടത്തണം. ആരുടെ പാപങ്ങൾ നിങ്ങൾ മോചിക്കുന്നുവോ അവർക്ക് മോചിക്കപ്പെട്ടിരിക്കുന്നു. ആരുടെ പാപങ്ങൾ നിർത്തുന്നുവോ അവർക്ക് നിർത്തിയിരിക്കുന്നു എന്നാണ് വേദപുസ്തകം പഠിപ്പിക്കുന്നത്.
5. സഭാ ശുശ്രൂഷയ്ക്ക് അധികാരം ലഭിപ്പാൻ അപോസ്തലിക പിൻതുടർച്ചയിലൂടെ കർത്താവിൽനിന്ന് നമുക്ക് അധികാരം ലഭിക്കണം. ഇതാണ് പൗരോഹിത്യ ശുശ്രൂഷ. ഇവിടെയും സഭയിലുള്ള വിശ്വാസം ആവശ്യമാണെന്നു വരുന്നു. അവർ സഭതോറും അവർക്ക് മൂപ്പന്മാരെ നിയമിക്കുകയും, ഉപവസിച്ചും, പ്രാർത്ഥിച്ചും കൊണ്ട് തങ്ങൾ വിശ്വസിച്ച കർത്താവിങ്കൽ അവരെ ഭാരമേൽപിക്കുകയും ചെയ്തു എന്ന് അപ്പോ. പ്രവർത്തികളിൽ നാം വായിക്കുന്നു.
6. കർത്താവിന്റെ പ്രതിനിധികളാൽ വിവാഹശുശ്രൂഷ നടത്തേണ്ടിയിക്കുന്നു. ആകയാൽ അവർ മേലാൽ രണ്ടല്ല. ഒരു ദേഹമത്രേ ആകയാൽ ദൈവം യോജിപ്പിച്ചതിനെ മനുഷ്യർ വേർപിരിക്കരുത്. എന്നാൽ മത്തായിയുടെ സുവിശേഷം 19:6 ൽ കാണുന്നത്.
7. രോഗസൗഖ്യത്തിനുള്ള തൈലാഭിഷേകം നടത്തുന്നതിന് കർത്താവിന്റെ പ്രതിനിധികളെ വിളിക്കേണ്ടിയിരിക്കുന്നു. നിങ്ങളിൽ ദീനമായി കിടക്കുന്നവൻ സഭയിലെ കശ്ശീശന്മാരെ വിളിക്കട്ടെ. അവർ കർത്താവിന്റെ നാമത്തിൽ അവനെ എണ്ണ പൂശി അവനു വേണ്ടി പ്രാർത്ഥിക്കട്ടെ. കർതൃ ശിഷ്യന്മാർ ഇപ്രകാരം തൈലം പൂശി രോഗസൗഖ്യം നൽകിയാതി വി. മർക്കോസ് 6-13 ൽ നാം വായിക്കുന്നു.

**ഫാ. ഏബ്രഹാം ഇടമ്പാടം**

## കുടുംബവിശേഷങ്ങൾ

### സംഭാവന

എളംകുളം ചാപ്പൽ സഹായി ശ്രീ. ജോർജ്ജിന്റെ ഭവന നിർമ്മാണത്തിന് മർത്തമറിയം സമാജാംഗങ്ങൾ 30,000 രൂപ ശേഖരിച്ചു. പ്രസിഡന്റ് റവ. ഫാ. ഏബ്രഹാം ഇടമ്പാടം, ട്രഷറർ മിസ്സസ് മായ മാത്യു, കമ്മറ്റി അംഗങ്ങൾ എന്നിവരുടെ സാന്നിദ്ധ്യത്തിൽ സെക്രട്ടറി ശ്രീമതി സുമാ മാത്യു ശ്രീ. ജോർജ്ജിന് സംഭാവന നൽകി.

### മാമോദീസ

*ദൈവകൃപയിൽ ഈ പൈതങ്ങൾ വളരട്ടെ*

കോതമംഗലം പൂങ്കുടിയിൽ ശ്രീ ജോബിജോർജ്ജിന്റെയും ശ്രീമതി. സ്മിതാ തോമസിന്റെയും മകൾ ഇസബലിന്റെ മാമോദീസാ 2007 ആഗസ്റ്റ് 15ന് സെന്റ് മേരീസ് കത്തീഡ്രലിൽ നടന്നു.

ആരക്കുന്നം വലിയപുനത്തിൽ ശ്രീ സന്തോഷിന്റെയും ശ്രീമതി അനുപമയുടെയും മകൾ ഹന്ന ജോർജ്ജിന്റെ മാമോദീസ 2007 സെപ്തംബർ 2ന് സെന്റ് മേരീസ് കത്തീഡ്രലിൽ നടന്നു.

### വിവാഹം

*വധൂവരന്മാർക്ക് മംഗളാശംസകൾ*

തിരുവാങ്കുളം നീരാമംഗൽ ശ്രീ എൻ.സി. മത്തായിയുടെയും ശ്രീമതി. മറിയാമ്മയുടെയും മകൻ ജറിഷും ഏരൂർ വെണ്ടറപ്പള്ളിൽ ശ്രീ വി.പി. ബാബുവിന്റെയും ശ്രീമതി കുഞ്ഞമ്മയുടെയും മകൾ കാന്തിയും തമ്മിലുള്ള വിവാഹം 2007 സെപ്തംബർ 2 ന് സെന്റ് മേരീസ് കത്തീഡ്രലിൽ നടന്നു.

എറണാകുളം പഴയപറമ്പിൽ കണ്ടത്തിൽ ശ്രീ. മാത്യുവിന്റെയും ശ്രീമതി പ്രമീളയുടെയും മകൻ ഫിലിപ്പും മൂന്നാർ പാറയ്ക്കൽ പരേതനായ വർഗ്ഗീസിന്റെയും ശ്രീമതി അൽഫോൻസയുടെയും മകൾ സ്റ്റെല്ലയും തമ്മിലുള്ള വിവാഹം 2007 സെപ്തംബർ 3 ന് സെന്റ് മേരീസ് കത്തീഡ്രലിൽ നടന്നു.

### നിര്യാതരായി

*കുടുംബങ്ങളോടുള്ള അനുശോചനം രേഖപ്പെടുത്തുന്നു*



പനമ്പിള്ളിനഗർ കിഴവന റോഡിൽ കിഴക്കേമൂലയ്ക്കൽ കെ.കെ. തോമസ് (69) നിര്യാതനായി. 24-9-2007ൽ ചിറ്റൂർ സെമിത്തേരിയിൽ അടക്കം ചെയ്തു. പരേതൻ പള്ളി മാനേജിംഗ് കമ്മറ്റി അംഗമായും, ഇടവകയുടെ വികസന സമിതിയുമായി ബന്ധപ്പെട്ട് എളംകുളം, തേവര ചാപ്പലുകളുടെയും മറ്റും പ്രവർത്തനത്തിൽ സഹകരിച്ചിട്ടുണ്ട്.



എസ്.ആർ.എം. റോഡ് പൂവത്തൂർ പുതിയോട്ടുപടവിൽ പി. ജെ.മാത്യു (76) നിര്യാതനായി. 25-9-2007ൽ ചെങ്ങന്നൂർ വലിയപള്ളി സെമിത്തേരിയിൽ അടക്കം ചെയ്തു. പരേതൻ പള്ളി മാനേജിംഗ് കമ്മറ്റി അംഗമായും, എളംകുളം ചാപ്പൽ നിർമ്മാണ പ്രവർത്തനങ്ങളിലും സഹകരിച്ചിട്ടുണ്ട്.

മനോരമ ജംഗ്ഷൻ തൃപ്തിലെയിനിൽ മുണ്ടപ്പള്ളിൽ വീട്ടിൽ മാവൂർ ഗ്വാളിയോർ റയൺസ് മുൻ ചീഫ് എഞ്ചിനീയർ പരേതനായ എം.ജെ.മാമ്മന്റെ ഭാര്യ സൂസി മാമ്മൻ നിര്യാതയായി. ശവസംസ്ക്കാരം 2-9-07 ൽ ചിറ്റൂർ സെമിത്തേരിയിൽ നടത്തി.

Sponsored by :
MUTHOOT PAPPACHAN GROUP
Since 1939
A Duty to Deliver

**Editorial Board** : P.T. John (98951 43625), Thomas John (93886 22449), K. K. George(94470 40484), Mammen Abraham (94473 68886) & Suma Mathew (98460 25711) **Printed at** : RJ Press, Kaloor
**Edited & Published by :** K.K. George for **St. Mary's Cathedral, Ernakulam. Phone : 0484-2352490, 2365827**
*For Private Circulation only*

**VOL : 1. ISSUE : 6** **OCTOBER 2007**

## എഡിറ്റോറിയൽ

### നമ്മെ അലട്ടുന്ന പ്രശ്നം

പുതിയതായി വന്ന ഇടവക വികാരി ഇടവകാംഗങ്ങളെ സന്ദർശിച്ച കൂട്ടത്തിൽ സാമ്പത്തികശേഷിയുള്ള ഒരു ഇടവകാംഗത്തിന്റെ വീട്ടിലെത്തി. വലിയവീടും, ചുറ്റുവട്ടങ്ങളും കണ്ട് വികാരി സന്തോഷിച്ചു. പക്ഷെ കുടുംബനാഥന്റെ മുഖത്ത് ഒരു സന്തോഷവും കണ്ടില്ല. മക്കൾ കൂടെയില്ലാത്തതിന്റെ സന്തോഷക്കുറവാണെന്ന വിചാരത്തിൽ അച്ചൻ വിവരം തിരക്കി. അയാൾ പറഞ്ഞു. അച്ചാ, എന്റെ മൂന്നുമക്കളേ ദുബായിലുള്ള. അയൽക്കാരന്റെ അഞ്ചുമക്കളും ദുബായിലാണ്. അതായിരുന്നു അയാളെ അലട്ടിയ പ്രശ്നം

മിക്കപ്പോഴും നമ്മുടെ സന്തോഷക്കുറവും, മനസ്സമാധാനമില്ലായ്മയും മുകളിൽ പറഞ്ഞവിധമുള്ള ചിന്തകൾ മൂലമാണ്. അതുകൊണ്ടാണ് തനിയെ ഇരിക്കുമ്പോൾ ചിന്തകൾ കാടുകയറാതെ ശ്രദ്ധിക്കണമെന്നു പറയുന്നത്. ദൈവം തന്നിരിക്കുന്ന നല്ല ദാനങ്ങളെ ഓർത്തു സന്തോഷിക്കാതെ, എപ്പോഴും പരാതിപ്പെടലാണ് പലരും ചെയ്യുന്നത്. നമുക്ക് ലഭിച്ചിട്ടുള്ള നല്ല വരങ്ങളെക്കാൾ നമുക്ക് ലഭിക്കാത്തതിന്മേൽ ശ്രദ്ധകേന്ദ്രീകരിച്ച് ദൈവത്തിനു വിരോധമായി പിറുപിറുക്കയാണ് ചെയ്യുന്നത്. യിസ്രയേൽ മക്കൾക്ക് ദൈവം മരുഭൂമിയിൽ സ്വർഗ്ഗീയ ഭക്ഷണമായ മന്ന പൊഴിച്ചുകൊടുത്തപ്പോഴും വേറൊന്നുമില്ലെന്നുപറഞ്ഞ് യഹോവയോട് നീരസപ്പെടുകയാണ് അവർ ചെയ്തത്. ലഭിച്ച അനുഗ്രഹങ്ങളെ എണ്ണി ദിവസം തോറും ദൈവത്തോടു നന്ദി പറയുന്നവർക്ക് കൂടുതൽ അനുഗ്രഹങ്ങൾ ലഭിക്കും.

അടുത്തവീട്ടിലെ കുട്ടിക്ക് നമ്മുടെ കുട്ടിയേക്കാൾ മാർക്ക് കൂടുതൽ കിട്ടുമ്പോഴും, അയൽവാസിക്ക് നല്ല ഉദ്യോഗം കിട്ടുമ്പോഴും നമ്മുടെ മനസ്സമാധാനം നഷ്ടപ്പെടും. തൽഫലമായി സ്വന്തം കുട്ടികളെ പഴിക്കുകയും, അവരെ ശിക്ഷിക്കുകയും ചെയ്യുന്ന മാതാപിതാക്കളുണ്ട്. ഇങ്ങനെയുള്ളവർ സ്വന്തം മക്കളുടെ ആത്മധൈര്യം കെടുത്തുകയാണ് എന്നോർക്കാറില്ല.

നമ്മുടെ ജീവിതത്തിലുണ്ടാവുന്ന നാശനഷ്ടങ്ങളും, തോൽവികളും ആദർശങ്ങൾ അവഗണിക്കുവാൻ നമ്മെ പ്രേരിപ്പിക്കും. ഇതെല്ലാം മറ്റുള്ളവർ മൂലമാണെന്നു വിചാരിക്കുകയും അവരോട് കുപിതരാകുകയും ചെയ്യും. പക്ഷെ ഇതെല്ലാം ദൈവത്തിന്റെ ഉദ്ദേശത്തിലും പദ്ധതിയിലും പെട്ടതാണെന്നും, അവിടുന്ന് തരുന്ന മുന്നറിയിപ്പുകളാണെന്നും മനസ്സിലാക്കണം.

മറ്റുള്ളവരുടെ ഉയർച്ചയോർത്ത് വ്യാകുലപ്പെടാതെ, ചെയ്യുന്ന ജോലികളെല്ലാം യേശുവും ഞാനും കൂടി ചെയ്യുകയാണെന്നുവേണം ചിന്തിക്കുവാൻ. നാളയെക്കുറിച്ച് വിചാരപ്പെടേണ്ട ആവശ്യമില്ല. ദൈവം തന്നെ സ്നേഹിക്കുന്നവർക്ക് ഒരുക്കീട്ടുള്ളത് കണ്ണുകണ്ടിട്ടില്ല, ചെവി കേട്ടിട്ടില്ല, ഒരു മനുഷ്യന്റെയും ഹൃദയത്തിൽ തോന്നീട്ടുമില്ല (1. കൊരി 2-9)

കൂട്ടുകാരനെ തന്നെപ്പോലെ തന്നെ സ്നേഹിക്കുകയും, അവന്റെ ഉയർച്ചയിൽ സന്തോഷിക്കുകയും, പ്രയാസത്തിൽ ദുഃഖിക്കുകയും ചെയ്യുവാൻ സാധിച്ചാൽ നമ്മെ അലട്ടുന്ന പ്രശ്നങ്ങൾക്കു പരിഹാരമാകും.

## ഇടയ സന്ദേശം

### ഇടവക - ക്രിസ്തുവിന്റെ സാന്നിധ്യം

യേശു തമ്പുരാൻ ഈ ലോകത്തിലെ തന്റെ ശുശ്രൂഷ പൂർത്തിയാക്കി സ്വർഗ്ഗാരോഹണം ചെയ്തതിന് തൊട്ടുമുമ്പായി തന്റെ ശിഷ്യസമൂഹത്തെ വിളിച്ചുകൂട്ടി ലോകാതിർത്തികളോളം തനിക്ക് സാക്ഷികളാകുവാൻ കൽപന നൽകി. കർത്താവിന്റെ ശിഷ്യസമൂഹത്തിന്റെ പ്രാഥമിക നിയോഗം ക്രിസ്തു സാന്നിധ്യം പ്രകടമാക്കുക എന്നതാണ്. ഓരോ പ്രദേശത്തുമുള്ള ക്രിസ്തീയ സമൂഹം അഥവാ ഇടവക ക്രിസ്തു ശിഷ്യരുടെ ആനുകാലിക പ്രതിനിധികളാണ്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ ഇടവകകൾ ക്രിസ്തുവിന്റെ ദിവ്യശുശ്രൂഷ വർത്തമാനസമൂഹത്തിൽ നിർവ്വഹിക്കുവാൻ പ്രത്യേകം ചുമതലപ്പെട്ട കൂട്ടായ്മകളാണ്. ക്രിസ്തുവിന്റെ സാന്നിധ്യവും ശുശ്രൂഷയും അതാതു കാലത്തെ സമൂഹം കാണുകയും മനസ്സിലാക്കുകയും അനുകരിക്കുകയും ചെയ്യേണ്ടത് ഇടവകകളുടെ പ്രവർത്തനങ്ങളിലൂടെയാണ്. ഓരോ ഇടവകാംഗവും സ്വന്തം പ്രവർത്തനങ്ങൾ വഴി ക്രിസ്തു സാന്നിധ്യം പ്രതിഫലിപ്പിക്കുമ്പോൾ ഇടവക അതിന്റെ സഭാപരമായ ദൗത്യം നിർവ്വഹിക്കുകയാണ്.

എന്നാൽ ഭൂരിപക്ഷം സഭാംഗങ്ങളും ഇടവകയെ മനസ്സിലാക്കുന്നത് സഭയുടെ ഘടനാപരവും ഭരണപരവുമായ ഏകകം (Unit) മാത്രമായിട്ടാണ്. സഭയുടെ ആചാരാനുഷ്ഠാനങ്ങളും കൂദാശിക കർമ്മങ്ങളും നിർവിഘ്നം നടത്തിക്കൊണ്ടുപോകുകയും ഭരണം നിർവ്വഹിക്കുകയും ചെയ്യുന്നതിന് സ്വന്തമായ പള്ളിയും, പുരോഹിതനും സംവിധാനവുമുള്ള വിശ്വാസികളുടെ കൂട്ടമായിട്ടാണ് ഇടവകയെ കരുതുന്നത്. ബലിയർപ്പണം ഇതര കൂദാശകളുടെ അനുഷ്ഠാനം, വേദപുസ്തക പഠനം, സുവിശേഷ ഘോഷണം, സഭാ ചരിത്രബോധനം ഔദാര്യരൂപത്തിലുള്ള ചില്ലറ ജീവകാരുണ്യപ്രവർത്തനങ്ങൾ എന്നിവയിൽ ഒതുങ്ങുന്നതാണ് ഇടവക പ്രവർത്തനമെന്നാണ് മിക്കവരുടേയും ധാരണ. ഇതൊക്കെ കാര്യക്ഷമമായി നടത്തുന്നതിനുള്ള ധനശേഖരണവും സംവിധാന സൃഷ്ടിയുമാണ് ഇടവകയുടെ പ്രധാനകൃത്യമെന്ന് ചിന്തിക്കുകയും ആ അടിസ്ഥാനത്തിൽ ഇടവക പ്രവർത്തനങ്ങളെ വിലയിരുത്തുകയും ചെയ്യുന്നു. ഇടവകയുടെ യഥാർത്ഥമായ വിളിയേയും പ്രവർത്തനങ്ങളേയും സംബന്ധിച്ച ശരിയായ ധാരണയുടെ അഭാവമാണ് ഇടവക ഭരണം വിഭ്രംശപ്പെടുന്നതിനും പരാജയപ്പെടുന്നതിനുമുള്ള മുഖ്യ കാരണം.

ക്രിസ്തു ലോകത്തിന് സ്വയം സമർപ്പിച്ച വ്യക്തിയാണ്. അദ്ദേഹം ജീവിച്ചതും, മരിച്ചതും, സർവ്വ സൃഷ്ടികൾക്കും വേണ്ടിയാണ്. സ്വന്തമെന്ന് അദ്ദേഹം ഒന്നും കരുതിയില്ല. പീഢകൾക്കും കുരിശുമരണത്തിനും അദ്ദേഹം തന്നെത്തന്നെ വിട്ടുകൊടുത്ത് സ്വയം ശൂന്യവൽക്കരിച്ചു. സത്യത്തിനും നീതിക്കും സാഹോദര്യത്തിനും വേണ്ടിയുള്ള സർവ്വപരിത്യാഗം. അതാണ് ക്രിസ്തുമാർഗ്ഗം. വർഷംതോറും സെപ്തംബർ 14 ന് ശ്ലീബാ പെരുന്നാൾ നാം ആഘോഷിക്കുമ്പോൾ അനുസ്മരിക്കേണ്ട വസ്തുത. അതുകൊണ്ട് ഭരണപരവും ആചാരപരവുമായ കാര്യങ്ങൾക്കുപരിയായി ത്യാഗത്തിന്റെയും പങ്കുവയ്ക്കലിന്റെയും സ്നേഹത്തിന്റെയും സ്വർഗ്ഗീയ അന്തരീക്ഷമാണ് ഇടവകയിൽ പ്രബലമാകേണ്ടത്. എല്ലാവർക്കും സാഹോദര്യവും, നീതിയും, അവകാശവും സംരക്ഷണവുമെല്ലാം ഒരുപോലെ ലഭ്യമാകണം. അതു സാധ്യമാകത്തക്കവിധം എല്ലാവരും സജ്ജരാകണം. ഇത്തരം ഒരു സമൂഹത്തിന്റെ സൃഷ്ടിയാകണം ഇടവകയുടെ ലക്ഷ്യം. ഈ

അടിസ്ഥാന താൽപര്യം നിറവേറ്റപ്പെടുമ്പോൾ മാത്രമാണ് ഇടവക ശുശ്രൂഷ വിജയപ്രദമാകുന്നത്. സ്നേഹത്തിന്റെയും ത്യാഗത്തിന്റെയും മറ്റുള്ളവർക്കുവേണ്ടിയുള്ള കരുതലിന്റെയും രംഗവേദിയാകുമ്പോഴാണ് ഇടവകകളിൽ ക്രിസ്തുസാന്നിധ്യം വെളിപ്പെടുന്നത്.

ക്രിസ്തു പഠിപ്പിച്ചതും പ്രഘോഷിച്ചതുമെല്ലാം ദൈവരാജ്യ സംബന്ധവും പ്രവർത്തിച്ചതെല്ലാം ദൈവരാജ്യ സൂചകവുമായ കാര്യങ്ങളായിരുന്നു. വിഭക്തവും അനീതി നിറഞ്ഞതും ചൂഷണാത്മകവുമായ സാമൂഹ്യ വ്യവസ്ഥിതിയുടെ സ്ഥാനത്ത് സ്നേഹവും, ധർമ്മിഷ്ഠവും പങ്കാളിത്തവുമുള്ള ഒരു നൂതന ലോകക്രമമാണ് ദൈവരാജ്യം എന്നതുകൊണ്ട് ക്രിസ്തു അർത്ഥമാക്കിയിരുന്നത്. അതുകൊണ്ട് എല്ലാവർക്കും ഇടമുള്ള സ്നേഹവും, സ്വാതന്ത്ര്യവും, സംരക്ഷണവും ലഭ്യമാകുന്ന ഒരു നീതി സമൂഹമാണ് ഇടവക ലക്ഷ്യമാക്കേണ്ടത്. അവിടെ കിടമത്സരത്തിനും, സ്പർദ്ധക്കും, ചൂഷണത്തിനും ആധിപത്യസ്ഥാപനത്തിനും സ്ഥാനമില്ല. സഭയുടെ ഈ അടിസ്ഥാന താൽപര്യം പ്രദേശിക തലത്തിൽ പ്രാവർത്തികമാക്കുമ്പോഴാണ് ഇടവക ക്രിസ്തു സാന്നിധ്യം പ്രകടമാക്കുന്നത്.

യേശു വിളിച്ചു ചേർത്തവരും അദ്ദേഹത്തെ അനുഗമിച്ചവരുമെല്ലാംതന്നെ മുക്കുവരും, ചുങ്കക്കാരും, പാപികളും, ദരിദ്രരും ഉൾപ്പെടുന്ന തിരസ്കൃതരായിരുന്നു. തള്ളപ്പെട്ടവരോടുള്ള പ്രത്യേക പരിഗണനയായിരുന്നു ക്രിസ്തു സ്വഭാവത്തിന്റെ മുഖമുദ്ര. ഇതു തന്നെയാണ് ക്രിസ്തുസഭയുടെയും പ്രധാന സ്വഭാവം. ഈ മൗലിക ഭാവം കണക്കിലെടുക്കുകയും നിലനിർത്തുകയും ചെയ്യാതെ കയ്യൂക്കുള്ളവരും, കാപട്യക്കാരുമെല്ലാം സഭയുടെ ഭരണതലങ്ങളിൽ കടന്നുകൂടമ്പോൾ അവിടെ സംഭവിക്കുന്നത് ക്രിസ്തു സാക്ഷ്യമല്ല. ദരിദ്രനെ തേടുന്ന, തിരസ്ക്കൃതന് അഭയം നൽകുന്ന, നിന്ദാവിരുദ്ധമായ നിലപാടുകൾ കൊണ്ട് മുഖ്യധാരക്കു ബദൽ സൃഷ്ടിക്കുന്ന, പാപപ്പെട്ടവന്റെ പക്ഷം പിടിച്ച് അവനെ ഒപ്പം കൂട്ടുന്ന സമൂഹമായി ഇടവക പരിവർത്തനം ചെയ്യുമ്പോഴാണ് അത് ക്രിസ്തുവിന്റെ സജീവസാന്നിധ്യമായി - പ്രവർത്തന വേദിയായി - തീരുന്നത്.

സഭ എന്നെന്നും സ്നേഹത്തിന്റെയും ഐക്യത്തിന്റെയും പങ്കുവെയ്ക്കലിന്റെയും കൂട്ടായ്മ ആയിരിക്കണം. അക്രമവും ഭിന്നതയും വിവേചനവും ചൂഷണവും അതിന് അന്യമാണ്. സകലർക്കും ആശ്രയമരുളി സമാശ്വസിപ്പിച്ച ക്രിസ്തുവിന്റെ സ്നേഹവും, അനുകമ്പയും സംഭ്രാതൃത്വവും ഇടവകകളിൽ സകലർക്കും അനുഭവവേദ്യമാകണം. അപ്പോഴാണ് സഭയും അതിന്റെ ഘടനാ-പ്രവർത്തന ഏകകമായ ഇടവകയും സജീവ ക്രിസ്തു സാന്നിധ്യമായിത്തീരുന്നത്. ഈ തിരിച്ചറിവ് എല്ലാ സഭാംഗങ്ങൾക്കും ഉണ്ടാകട്ടെ എന്ന് ആശംസിക്കുന്നു.

**ഡോ. തോമസ് മാർ അത്താനാസ്യോസ്**

## വികാരിയുടെ കത്ത്

ത്രിയേക ദൈവത്തിനു സ്തുതി ദൈവമായ കർത്താവിന്റെ നാമം ഉയർത്തപ്പെടുവാൻ ഇടയാകട്ടെ. സെപ്തംബർ മാസത്തെ പാരീഷ് ന്യൂസ് എല്ലാ ഇടവകാംഗങ്ങൾക്കും പ്രയോജനകരമായിരുന്നു എന്നു കരുതട്ടെ.

**ദൈവം വലിയവൻ**: യിസ്രായേലിന്റെ രണ്ടാമത്തെ രാജാവും മധുരഗായകനുമായ ദാവീദ് തന്റെ ചെറുപ്പകാലത്ത് തന്റെ അപ്പൻ യിശ്ശായിയുടെ ആടുകളെ മേയ്ച്ചു നടന്നു. എന്നാൽ പ്രവാചകനായ ശമുവേലിൽ കൂടി ദൈവം ദാവീദിനെ അഭിഷേകം ചെയ്തു. യിസ്രയേല്ല്യർ ഫെലിസ്ത്യരോട് യുദ്ധം ചെയ്തപ്പോൾ അവരുടെ മല്ലനായ ഗോലിയാത്തിനെ ദാവീദ് തന്റെ കയ്യിലുള്ള കവണയും ഒരു ചെറിയ കല്ലും കൊണ്ട് വീഴ്ത്തി അവന്റെ വാളുകൊണ്ടുതന്നെ തലയറുത്തു. ഇവിടെ ദാവീദിനു നേരെ ഫെലിസ്ത്യ മല്ലൻ വരുന്നത് വാളും വടിയും വേലുമായിട്ടാണ്. (1 ശമു 17:45) ദാവീദു പറയുന്നു. നീ നിന്ദിച്ചു പറഞ്ഞ യിസ്രായേലിന്റെ ദൈവമായ യഹോവയുടെ നാമത്തിൽ വരുന്നു. (1 ശമു 17:46) സങ്കീർത്തനക്കാരൻ പറയുന്നു. നിന്നാൽ ഞാൻ പടക്കൂട്ടത്തിനും നേരെ പാഞ്ഞുചെല്ലും. എന്റെ ദൈവത്താൽ ഞാൻ മതിൽചാടിക്കടക്കും. കർത്താവായ യേശു കൂടെയുള്ളപ്പോൾ താൻ ഒന്നിനെയും ഭയപ്പെടുന്നില്ല. ഗോല്യാൻ, സിംഹം, കരടി, എന്തെല്ലാം വന്നാലും ദൈവം എന്നോടുകൂടെയുണ്ട് ഞാൻ ഭയപ്പെടില്ല. എന്റെ ദൈവം വലിയവനാണ്.

**കരുണയിൽ വലിയവൻ :** (സങ്കീ. 86:15, 103:8, 104:1) ഒരിക്കൽ ദാവീദുപാപം ചെയ്തുകഴിഞ്ഞ് അതിദുഃഖത്തോടെ പറഞ്ഞു. 2 ശമു 24:14 "ഞാൻ വലിയ വിഷമത്തിൽ ആയിരിക്കുന്നു. നാം യഹോവയുടെ കൈയ്യിൽ തന്നെ വീഴുക. അവന്റെ കരുണ വലിയതല്ലോ." യോഹ. 8-ാം അദ്ധ്യായത്തിൽ വ്യഭിചാരകർമ്മത്തിൽ പിടിക്കപ്പെട്ട സ്ത്രീയെ യേശുവിന്റെ അടക്കൽ കൊണ്ടുവന്നു. യേശുവിൽ നിന്ന് ആ സ്ത്രീക്ക് കരുണലഭിച്ചു.

**ദയയിൽ വലിയവൻ** (സങ്കീ. 86:13) എന്നോടുള്ള നിന്റെ ദയ വലിയതല്ലോ, നീ എന്റെ പ്രാണനെ അധമ പാതാളത്തിൽ നിന്നും രക്ഷിച്ചല്ലോ, എന്നെ മകനാക്കിയല്ലോ, സ്വർഗ്ഗീയ പൗരത്വം തന്ന ദയ, ആശ്വാസം തന്നല്ലോ, അപകടത്തിൽ നിന്നു വിടുവിച്ചല്ലോ, ലോകത്തിൽ നിന്നും വേർതിരിച്ചല്ലോ, ദയ, പാപക്ഷമ, നിന്റെ ദയ എത്രവലുത്.

**സ്നേഹം വലിയത് :** (1 യോഹ. 4:8-11) ദൈവം നമ്മെ സ്നേഹിക്കക്കൊണ്ട് നമ്മെ രക്ഷിക്കുന്നതിനുവേണ്ടി തന്റെ ഏകജാതനായ യേശുവിനെ നമുക്കായി ലോകത്തിലേയ്ക്ക് അയച്ചു എന്നുള്ളതിനാൽ ദൈവത്തിനു നമ്മോടുള്ള സ്നേഹം പ്രത്യക്ഷമായി. യേശുവോ, എന്തിന് നിങ്ങളെയും എന്നേയും പാപത്തിൽ നിന്നും, ശാപത്തിൽ നിന്നും രക്ഷിക്കാൻ സ്വർഗ്ഗത്തിലെ സകലമഹിമകളും വെടിഞ്ഞ് ലോകത്തിൽ വന്നു, ദാസരൂപമെടുത്തു വേഷത്തിൽ മനുഷ്യനായി തന്നത്താൻ ത്യജിച്ചു ക്രൂശിലെ മരണത്തോളം അനുസരണയുള്ളവനായി ജീവിച്ചു? (റോ 5:7-8) ക്രിസ്തുവോ, നാം പാപികളായിരിക്കുമ്പോൾ തന്നെ നമുക്കുവേണ്ടി മരിക്കയാൽ ദൈവം തനിക്ക് നമ്മോടുള്ള സ്നേഹത്തെ പ്രദർശിപ്പിക്കുന്നു. (റോ 8:32) സ്വന്തപുത്രനെ ആദരിക്കാതെ നമുക്കുവേണ്ടി ഏൽപ്പിച്ചുതന്നവൻ അവനോടുകൂടെ സകലവും നമുക്കു നൽകാതിരിക്കുമോ.

**അബ്രഹാമിനെക്കാൾ വലിയവൻ** : (ജോൺ 8:51-53) യഹൂദർ യേശുവിനോടു ചോദിച്ചു. നീ അബ്രഹാമിനേക്കാൾ വലിയവനോ. അതെ, യേശു അബ്രഹമിനേക്കാൾ വലിയവൻതന്നെ. അബ്രഹാം മരിച്ചു; യേശു ജീവിക്കുന്നു. (വെളി. 1:17)

**യാക്കോബിനേക്കാൾ വലിയവൻ :** (ജോൺ 4:12-14) ശമര്യാസ്ത്രീ ചോദിച്ചു ഞങ്ങളുടെ പിതാവായ യാക്കോബിനേക്കാൾ നീ വലിയവനോ, അവനാണ് ഞങ്ങൾക്ക് ഈ കിണർ തന്നത്. അതെ, യേശു യാക്കോബിനേക്കാൾ വലിയവൻ

**ശലോമോനെക്കാൾ വലിയവൻ:** (മത്തായി 12:42-43) ജ്ഞാനിയായ ശലോമോനെക്കാൾ നീ വലിയവനാണോ, അതെ യേശു ശലോമോനേക്കാൾ വലിയവൻ തന്നെ

**യോനെയേക്കാൾ വലിയവൻ:** (മത്തായി 12:42) യോനയുടെ ഒറ്റ പ്രസംഗത്താൽ ഒരു ലക്ഷത്തിഇരുപതിനായിരത്തിൽ പരം പേർ മാനസാന്തരപ്പെട്ടു. അതെ, യേശു യോന പ്രവാചകനിലും വലിയവനാണ്.

**ദൈവാലയത്തെക്കാൾ വലിയവൻ:** (മത്തായി 12:6) ദൈവാലയത്തേക്കാൾ വലിയവൻ ഇവിടയുണ്ട്, യേശു ദൈവാലയത്തേക്കാൾ വലിയവനാണ്.

നിങ്ങൾ ദൈവത്തിന്റെ മന്ദിരമാണ്. ദൈവത്തിന്റെ ആത്മാവ് നിങ്ങളിലാണ് വസിക്കുന്നത്. (1 കൊരി. 3:16, 6:19) അപ്പോസ്തോലനായ യോഹന്നാൻ പറയുന്നു ലോകത്തിലുള്ളവനേക്കാൾ വലിയവൻ നിങ്ങളിലുണ്ട്. (1 ജോൺ 4:4)

ലോകത്തിൽ, രാജ്യത്ത്, പട്ടണങ്ങളിൽ, സഭയിൽ, സംഘടനയിൽ, സമുദായത്തിൽ, തൊഴിൽ ശാലയിൽ, രാഷ്ട്രീയത്തിൽ, കുടുംബങ്ങളിൽ എല്ലാവരും വലിയവൻ എന്നു ഭാവിക്കുന്നു, നടിക്കുന്നു, വിചാരിക്കുന്നു. എന്നാൽ ഇവരാരും വലിയവരല്ല, എല്ലാവരും മരിച്ചുപോകും എന്നാൽ യേശുമാത്രം വലിയവൻ ആ കർത്താവിൽ നമുക്കാശ്രയിക്കാം. വലിയവനായ ദൈവം നിങ്ങളെ എല്ലാവരെയും അനുഗ്രഹിക്കട്ടെ.

എന്ന് നിങ്ങളുടെ

**ഇടമ്പാടത്തച്ചൻ**

## *Humour*

The wise use humour to bring wisdom and to lighten situations. The intelligent use humour as a shield against humiliation. The cruel use humour as a sword to insult others. The irresponsible use humour to escape from responsibility, and the fools take humour too seriously!

**Rachel Thomas** (Martha Maria Samajam)

## പഠനക്കുറിപ്പുകൾ

### ത്രോണോസ്

ദേവാലയത്തിൽ പ്രഥമസ്ഥാനം മദ്ബഹായ്ക്കും ത്രോണോസിനുമാണ്. ത്രോണോസ് ബലിപീഠമായും ദൈവത്തിന്റെ സ്വർഗ്ഗ സിംഹാസനമായും, നമ്മുടെ കർത്താവിന്റെ കല്ലറയായും, ബേത്‌ലഹേമിലെ പുൽക്കൂടായും, ഒലിവുമലയായും, കാൽവരിക്കുന്നായും വി. കുർബാനയിൽ നാം ദർശിക്കുന്നുണ്ട്.

**കുരിശ് :** ത്രോണോസിന്റെ മദ്ധ്യഭാഗത്തുള്ള മരക്കുരിശ് അഹരോന്റെ തളിർത്തവടിയെപ്പോലെ ഭൂതകാല സംഭവങ്ങൾ നമ്മുടെ സ്മൃതിപഥത്തിൽ കൊണ്ടുവരുന്നു. പഴയ നിയമകാലത്ത് പെട്ടകത്തിൽ അഹരോന്റെ തളിർത്തവടി ഉണ്ടായിരുന്നു. അത്ഭുതങ്ങൾ പ്രവർത്തിച്ചതും, ചെങ്കടൽത്തീരത്തു വെച്ചുണ്ടാകാമായിരുന്ന കൂട്ടക്കൊലയിൽ നിന്ന് യിസ്രായേല്ല്യരെ രക്ഷിച്ചതും, യഹോവയുടെ അജയ്യശക്തിയെ പ്രകീർത്തിക്കുന്നതുമായിരുന്നു അഹരോന്റെ തളിർത്തവടി. അതുപോലെ അനേകം അത്ഭുതങ്ങൾ പ്രവർത്തിച്ച് നാമോരുത്തരുടേയും ആവശ്യങ്ങൾക്കു താൻ മതിയായവനെന്നു കാണിച്ചവനും, പാപ മരണത്തിൽ നിന്നു നമ്മെ വീണ്ടെടുത്തവനുമായ യേശുമിശിഹായുടെ സാന്നിദ്ധ്യത്തെയും കുരിശ് സൂചിപ്പിക്കുന്നു.

**വിരിക്കൂട്ടം :** ത്രോണോസിന്മേൽ ഒന്നാമതായി വിരിക്കുന്ന വെള്ളത്തുണി, കർത്താവിന്റെ ശരീരം കല്ലറയിൽ വെയ്ക്കുവാനായി പൊതിഞ്ഞ തുണിയെന്നതാണ് സങ്കൽപം. ഈ തുണിയ്ക്കു മുകളിലിടുന്ന വിശിഷ്ഠതരം തുണി സ്വർഗ്ഗീയ സിംഹാസനത്തെ ഓർമ്മിപ്പിക്കുന്നു. ഇത് ത്രോണോസിന്റെ മുൻവശം താഴെ വരെയും, വി. ത്രിത്വത്തെ പ്രതിനിധാനം ചെയ്ത് മൂന്നു ഭാഗങ്ങളായി മറയ്ക്കുന്നു.

**തബ്ലൈത്താ :** തബ്ലൈത്താ 18" നീളവും 9" വീതിയുമുള്ള കല്ലുകൊണ്ടോ, മരം കൊണ്ടോ ഉണ്ടാക്കിയ ഒരു പലകയാണ്. ഇത് എടുത്തുകൊണ്ടുപോകാവുന്ന ബലിപീഠമാണ് (Portable Alter). മേൽപട്ടക്കാരൻ മൂറോൻകൊണ്ട് കൂദാശ ചെയ്ത തബ്ലൈത്താ വെച്ച് എവിടെയും കുർബാന അർപ്പിക്കാം. തബ്ലൈത്തായില്ലാതെ കുർബാനയില്ല. തബ്ലൈത്തായ്ക്ക് ചുവപ്പ്, പച്ച, വെള്ള എന്നീ മൂന്നു നിറങ്ങളിലുള്ള വിരികൾ ഉണ്ട്. ചുവന്ന വിരിയുടെ മുകളിൽ അതിനേക്കാൾ വലിപ്പം കുറഞ്ഞ പച്ചവിരിപ്പും, പച്ചവിരിയുടെ മേൽ അതിലും ചെറുതായ വെള്ള വിരിപ്പും ഇട്ടതിനുശേഷം വെള്ള വിരിയിന്മേലാണ് അപ്പ വീഞ്ഞുകളുള്ള പീലാസയും, കാസയും വെയ്ക്കുന്നത്. ചുവന്ന വിരി പ്രപഞ്ചത്തെയും (സർവ്വ സൃഷ്ടികളും, സകല ആകാശ ഗോളങ്ങളും ചേർന്നത്) പച്ചവിരി (സസ്യങ്ങളുള്ളതിനാൽ) ഭൂമിയേയും, വെള്ളവിരി സഭയെയും (കുഞ്ഞാടിന്റെ രക്തത്തിൽ അങ്കി വെളുപ്പിച്ച - വെളി 7:14) കുറിക്കുന്നു. തബ്ലൈത്താ ഏദൻതോട്ടത്തിലെ ജീവന്റെ വൃക്ഷമായും കർത്താവിനെ ക്രൂശിച്ച കുരിശായും ധ്യാനിക്കാവുന്നതാണ്.

**മെഴുകുതിരി :** ത്രോണോസിൽ 12 അപ്പോസ്തലന്മാരെ പ്രതിനിധീകരിച്ച് സാധാരണയായി 12 മെഴുകുതിരികൾ വെയ്ക്കുന്നു. യേരുശലേം ദൈവാലയത്തിലെ ഏഴു തിരിയുള്ള പൊൻവിളക്കിന്റെ പ്രതീകമായി 7 മെഴുകുതിരികളും വെയ്ക്കാറുണ്ട്. മെഴുകുതിരിയിലെ മെഴുക് ഉരുകി വേറൊരു രൂപം പ്രാപിക്കുന്നതുപോലെ യേശുക്രിസ്തുവിൽ വീണ്ടും ജനിക്കുന്ന വ്യക്തി ഒരു പുതിയ സൃഷ്ടിയായിത്തീരുന്നു. മെഴുകുതിരി സ്വയ പരിത്യാഗത്തെയും കൂടി കുറിയ്ക്കുന്നുണ്ട്. കത്തുന്ന മെഴുകുതിരികൾ, ക്രിസ്തീയ ദേവാലയം യേരുശലേം ദേവാലയത്തിന്റെ തുടർച്ചയാണെന്നും കാണിക്കുന്നു. മെഴുകുതിരികളുടെ പ്രകാശം ദൈവസാന്നിദ്ധ്യത്തെ കുറിക്കുന്നു. വി. കുർബാനയുടെ ആരംഭത്തിൽ മെഴുകുതിരികൾ കത്തിയ്ക്കുമ്പോൾ വെളിവു നിറഞ്ഞോരീശോ നിൻ വെളിവാൽ കാണുന്നു. വെളിവിൽ തട്ടിൽ വസിക്കും പുണ്യനിധേ എന്നീ ഗീതങ്ങൾ ചൊല്ലുന്നു.

**Compiled by P.T. John**

### വിശേഷ ദിവസങ്ങൾ

**ഒക്ടോ.14 ഞായർ** - വാർഷിക സെയിൽ

**നവം. 2 വെള്ളി** - പ. പരുമലത്തിരുമേനിയുടെ ഓർമ്മ. വി. കുർബ്ബാന 6.45ന് കത്തീഡ്രലിൽ

**നവം.4 ഞായർ** - എളംകുളം ചാപ്പലിൽ പ.പരുമലത്തിരുമേനിയുടെ ഓർമ്മപ്പെരുന്നാൾ, വി. കുർബ്ബാന. കത്തീഡ്രലിൽ 6.30ന് ആരംഭിക്കുന്ന ഒരു വി.കുർബ്ബാനമാത്രം

## ആദ്യഫലപ്പെരുന്നാൾ

**അല്പം ചരിത്രം :** മാർഗ്രീഗോറിയോസ് ഓർത്തഡോക്സ് വിദ്യാർത്ഥി പ്രസ്ഥാനം 1963-64 ൽ **കൗതുകവിൽപന** എന്നപേരിൽ ആരംഭിച്ച സംരംഭമാണ് ഇന്നത്തെ നിലയിൽ എത്തിനിൽക്കുന്ന വാർഷിക സെയിൽ അഥവാ ആദ്യഫലപ്പെരുന്നാൾ. ഇതൊരു വിജയമായത് അന്നത്തെ വികാരി മുരിക്കനച്ചന്റെയും സഹ വികാരി പി.വി. ജോസഫച്ചന്റെയും(കാലം ചെയ്ത പക്കോമിയോസ് തിരുമേനി), ശ്രീമതി മോളി മത്തായിയുടെ നേതൃത്വത്തിൽ മർത്തമറിയം സമാജാംഗങ്ങളുടെയും സജീവ സഹകരണത്താലായിരുന്നു. അന്നത്തെ സെയിലിന്റെ ലാഭമായ 4800 രൂപ വിദ്യാർത്ഥി പ്രസ്ഥാനം, പള്ളി, മർത്തമറിയം സമാജം എന്നിവയുടെ ജീവകാരുണ്യപ്രവർത്തനങ്ങൾക്ക് തുല്യമായി വീതിച്ചു. ഇതിന്റെ തുടർച്ചയെന്നോണം ഇടവക നേരിട്ട് ആദ്യഫലശേഖരവും, വാർഷിക സെയിലും ആരംഭിച്ചു.

**സന്തോഷത്തിന്റെ ദിവസം :** 2007 ഒക്ടോബർ 14-ാം തീയതിയാണ് ഈ വർഷത്തെ ആദ്യഫലപ്പെരുന്നാൾ. വളരെനേരത്തെ തന്നെ ഈ പെരുന്നാൾ നടത്തിപ്പിനായി പ്രത്യേക കമ്മറ്റിയെ തിരഞ്ഞെടുക്കുകയും അവരുടെ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു. നമ്മുടെ ഇടവകയിലെ പ്രധാന ധനാഗമനമാർഗ്ഗമായിത്തീർന്നിരിക്കുകയാണ് ഈ പെരുന്നാൾ ആഘോഷം. ഇവിടെ നിന്ന് സ്ഥലം മാറിപ്പോയ പല അച്ചന്മാരും ഇപ്പോഴും ഈ പെരുന്നാളിന് സംഭാവനകൊടുത്തയക്കാറുള്ളത് ഇടവകാംഗങ്ങൾക്ക് വളരെ സന്തോഷപ്രദമാണ്. എല്ലാ ഇടവകക്കാരും, അഭ്യൂദയകാംഷികളും നേർച്ചകാഴ്ചകളുമായി ഇതിൽ സംബന്ധിക്കുന്നതിനു പുറമെ അന്നത്തെ പ്രഭാത ഭക്ഷണവും എല്ലാവരും ഒന്നിച്ചു പള്ളിയിൽ വെച്ചു കഴിക്കുകയാണ് പതിവ്. ഇടവകാംഗങ്ങളുടെ അകമഴിഞ്ഞ സഹകരണത്തെക്കുറിച്ച് പറയുന്ന കൂട്ടത്തിൽ കുന്നംകുളം വ്യവസായ സമൂഹത്തിന്റെ പ്രാതിനിധ്യം എടുത്തുപറയേണ്ടതാണ്.

ഭക്ഷണം ഉണ്ടാക്കുകയും വിളമ്പുകയും ചെയ്യുന്നത് മർത്തമറിയം സമാജാംഗങ്ങൾക്ക് വളരെ സന്തോഷമുണ്ടാക്കുന്നകാര്യമാണ്. ഭക്ഷണം കഴിഞ്ഞ് ലേലത്തിൽ പങ്കുകൊണ്ട് കുശലപ്രശ്നങ്ങളുമായി ഒരു കുടുംബത്തിലെ അംഗങ്ങളെപ്പോലെ ഇടവകാംഗങ്ങൾ ഉച്ചവരെ പള്ളിപരിസരത്ത് ചിലവഴിച്ചിട്ടെ വീട്ടിലേയ്ക്ക് മടങ്ങാറുള്ളു. ആളുകൾ നേരത്തെ പിരിഞ്ഞുപോകാതിരിക്കാൻ വേണ്ടി ഉച്ചഭക്ഷണപ്പൊതികളും ഇപ്പോൾ വിതരണം ചെയ്യുന്നുണ്ട്. പെരുന്നാൾ സംഭാവന പണമായോ, ലേലസാധനങ്ങളായോ, മുൻകൂട്ടി നിശ്ചയിച്ചിട്ടുള്ള ഭക്ഷണസാധനങ്ങളായോ സ്വീകരിക്കുന്നുണ്ട്. സംഭാവന കൊടുക്കുന്നതുകൂടാതെ ലേലം വിളിയിലും സംബന്ധിച്ചിട്ടേ ആളുകൾ പിരിഞ്ഞു പോകാറുള്ളു.

അപ്പോഴപ്പോഴുള്ള പള്ളി ഭാരവാഹികളുടെയും മറ്റുള്ളവരുടെയും ഊർജ്ജസ്വലമായ പ്രവർത്തനത്താൽ ഓരോ വർഷവും ഈ പെരുന്നാൾ കൂടുതൽ കൂടുതൽ പുഷ്ടിപ്രാപിക്കുകയാണ് ചെയ്യുന്നത്. ഈ വർഷവും എല്ലാവരുടെയും സഹകരണം അഭ്യർത്ഥിച്ചുകൊണ്ട്

**ബാബു മാത്യു,** ജനറൽ കൺവീനർ

## വിശ്വാസികളോട് ഒരു വാക്ക്

നമ്മുടെ പള്ളികളിലും അവിടുത്തെ ആരാധനയിലും സംബന്ധിക്കാതെ സഭവിട്ടു പോകുന്നവർക്കും തൽക്കാല കാര്യസാധ്യത്തിനുവേണ്ടി മറ്റു പല സഭകളിലും, കൂട്ടായ്മകളിലും പോയി സംബന്ധിക്കുന്നവർക്കും കർത്താവ് പലപ്പോഴും മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. വിശുദ്ധ വേദപുസ്തകത്തിൽ (മത്തായി 7:15, 16) പറഞ്ഞതുപോലെ "കള്ളപ്രവാചകന്മാരെ സൂക്ഷിച്ചുകൊൾവിൻ അവർ ആടുകളുടെ വേഷം പൂണ്ട് നിങ്ങളുടെ അടുക്കൽ വരുന്നു. അകമേയോ കടിച്ചുകീറുന്ന ചെന്നായ്ക്കളാകുന്നു. അവരുടെ ഫലങ്ങളാൽ നിങ്ങൾക്ക് അവരെ തിരിച്ചറിയാം. മുള്ളുകളിൽ നിന്ന് മുന്തിരിപ്പഴവും ഞെരിഞ്ഞിലുകളിൽ നിന്ന് അത്തിപ്പഴവും പറിക്കാറുണ്ടോ?" അപ്പോസ്തലനായ പൗലൂസ്ശ്ലീഹാ റോമർക്ക് എഴുതിയ ലേഖനം 16:17, 18 വാക്യങ്ങളിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു. "സഹോദരന്മാരെ, നിങ്ങൾ പഠിച്ച ഉപദേശത്തിന് വിപരീതമായ ദ്വന്ദ്വപക്ഷങ്ങളെയും ഇടർച്ചകളെയും ഉണ്ടാക്കുന്നവരെ സൂക്ഷിച്ചുകൊള്ളണമെന്ന് ഞാൻ നിങ്ങളെ പ്രബോധിപ്പിക്കുന്നു. അവരോട് അകന്നു മാറുവിൻ. അങ്ങനെയുള്ളവർ നമ്മുടെ കർത്താവായ ക്രിസ്തുവിനെയല്ല, നിങ്ങളുടെ വയറ്റിനെയത്രെ സേവിക്കയും ചക്കരവാക്കും മുഖസ്തുതിയും പറഞ്ഞു സാധുക്കളുടെ ഹൃദയങ്ങളെ വഞ്ചിച്ചുകളയുകയും ചെയ്യുന്നത്." ആയതിനാൽ സഭാ വിശ്വാസികളേ, പള്ളിയിൽ വന്ന് ആരാധനയിലും കുർബ്ബാനയിലും തുടക്കം മുതൽ അവസാനം വരെ സംബന്ധിക്കുകയും, ദൈവം തരുന്ന അനുഗ്രഹങ്ങളും കൃപകളും പ്രാപിക്കുകയും ചെയ്യുക.

**ജോർജ്ജ് നിക്സൺ, താച്ചയിൽ**